**മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വക്കം ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **( 03**പുത്തൻനട**)**

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**

14**/11/2019 - 17/11/2019**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 20/11/2019**

വക്കം ഗ്രാമപഞ്ചായത്ത്

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@gmail.com

## ***ചിറയിൻകീഴ് ബ്ലോക്ക്***

## ***വക്കം ഗ്രാമപഞ്ചായത്***

## ***സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ***

## ***<u>വാർഡ് നമ്പർ 03(പുത്തൻനട)</u>***

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## 10 അവകാശങ്ങൾ

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## ഫയൽ പരിശോധന.

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| Dp/269366 | 20/09/18 | 07/02/19 | 250000 | 235428 |
| DP/269367 | 27/09/18 | 19/11/18 | 250000 | 230184 |

മണ്ണ് ജലസംരക്ഷണമായി ബന്ധപ്പെട്ട രണ്ട് ഫയലുകളാണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 140 പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിലും 78 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

**കവർപേജ്**

AMC പ്രകാരം ഉള്ള കവർപേജ് ഉണ്ടായിരുന്നു.. ജിയോ ടാക്കിംഗ് അസറ്റ്(അസറ്റ് ഐഡി, ജി പി എസ് ലൊക്കേഷൻ) എന്നിവ ഫയലുകളിലൊന്നിലും രേഖപ്പെടുത്തിയിട്ടില്ല.

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഇല്ല.

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു.

ഭരണാനുമതി ഉണ്ടായിരുന്നു. .

സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

_🔎എസ്റ്റിമേറ്റ് റിപ്പോർട്ട്,

ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ഫയലിൽ  ഉൾപ്പെടുത്തിയിട്ടുണ്ട്

_🔎ഡ്രോയിങ് & ഡിസൈൻ ഒരു ഫയലിലും  ഇല്ലായിരുന്നു.

_🔎ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ  ഫോറം ഉണ്ടായിരുന്നു.

_🔎പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോറം ഫയലിൽ ഇല്ലായിരുന്നു.

_🔎മസ്റ്റർ റോൾ

2 ഫയലുകളിലുമായി 40 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല,muster roll കളിൽ ആകെ തുക  രേഖപ്പെടുത്തിയിട്ടില്ല.

_🔎ഫയൽ ടാക്കിംഗ് ഫോറം ഉണ്ടായിരുന്നു..

_🔎മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

_🔎മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

_🔎വേജ് ലിസ്റ്റ്

മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

_🔎എഫ് ടി ഒ

ഫയലിൽ FTO ഉണ്ടായിരുന്നു.

_🔎ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ഇല്ലായിരുന്നു.

_🔎 geo tagged ഫോട്ടോഗ്രാഫ്  ഇല്ലായിരുന്നു.

_🔎പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം

ഫയലിൽ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉണ്ടായിരുന്നു. പൂർണമല്ല.

_🔎സൈറ്റ് ഡയറി

സൈറ്റ് ഡയറി ഉണ്ട്. എന്നാൽ പൂർണമായിരുന്നില്ല.

_🔎എം ബുക്ക്

എം ബുക്ക് ഉണ്ടായിരുന്നു. എം ബുക്ക് നമ്പർ കൃത്യമായ സ്ഥലത്ത് രേഖപെടുത്തിയിട്ടില്ലായിരുന്നു. മെഷർമെന്റ് ബുക്കിലെ തുകയും എല്ലാ മസ്റ്റർ റോളിലെ ആകെ തുകയും  തുല്യമായിരുന്നു..

CIB കാണാൻ  കഴിഞ്ഞില്ല.

## ഡോർ ടു ഡോർ വെരിഫിക്കേഷൻ

15/11/2019. രാവിലെ 11:00 മണിയോടെ കൺവീനർമാരുടെ നിർദേശപ്രകാരം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലത്ത് എത്തി. തുടർന്ന് job card verification നടത്തി. Job card ൽ Sign രേഖപ്പെടുത്തിയിട്ടില്ലാത്തവരെ കൊണ്ട് സൈൻ രേഖപ്പെടുത്തി. ചിലർ സൈൻ രേഖപ്പെടുത്താത്തതു ഒഴിച് കാർഡ് പൂർണമായിരുന്നു. Job cardil attendence രേഖപ്പെടുത്തുന്ന രീതിയെ കുറിച്ച് ഞങ്ങൾ അവർക്ക് പറഞ്ഞു കൊടുത്തു. തൊഴിലാളികളുടെ 10 അവകാശങ്ങളെ കുറിച്ച് വിശദമായി പറഞ്ഞു കൊടുത്തു .കൂലി കിട്ടുന്നത്തിനുള്ള താമസം, ജോലിഭാരം കൂടുതലാണ് തുടങ്ങിയവ പറഞ്ഞു. ജോലി സമയത്തിന് ലഭിക്കുന്നുണ്ട് എന്ന് അറിയാൻ സാധിച്ചു . തൊഴിൽ സ്ഥലത്ത് തണൽ, ഫസ്റ്റെയ്ഡ് ബോക്സ് എന്നിവ ഇല്ല എന്നു പറഞ്ഞു. ഗ്രാമസഭയിൽ ഇത് പറയണം എന്നും പഞ്ചായത്ത് വഴി ലഭ്യമാക്കാം എന്നും ഉറപ്പ് നൽകി.. ഗ്രാമസഭക്ക് എല്ലാപേരും പങ്കെടുക്കണം എന്ന് അറിയിച്ചു. തുടർന്ന് കൺവീനർ മാരോട് സൈറ്റ്കൾ എല്ലാം പറഞ്ഞു കൊടുത്ത് ഉറപ്പ് വരുത്തി. അതിന് ശേഷം work site ലേക്ക് പോയി.

## ഫീൽഡ് പരിശോധന

എം ബുക്ക് പ്രകാരം ,2 ഫൈലിലും കൂടി,

Compost pit 4

Rain pit 20

Earthenbund 2

Panakoral 20

Field ൽ കാണാൻ കഴിഞ്ഞത്

Compost pit 2

Rain pit 9

Earthenbund 2

Panakoral 12

16 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലായി വർക്കുകൾ കണ്ടു.3 എണ്ണം പൂട്ടിയിട്ടിരുന്നതിനാല് കാണാൻ കഴിഞ്ഞില്ല. കാടുകയറിയതിനാൽ ചില പുരയിടങ്ങളിൽ ഭാഗികമായി മണ്ണുകയ്യാല, പണകോരൽ, എന്നി വർക്കുകൾ കണ്ടു, ചിലത് നല്ലരീതിയിൽ കാണാൻ കഴിഞ്ഞു അത് രേഖപ്പെടുത്തി. സുനിത എന്ന വ്യക്തിയുടെ പുരയിടത്തിൽ വീട് പണി തുടങ്ങിയതിനാൽ അവിടെ ചെയ്ത മഴക്കുഴി കമ്പോസ്റ്റ് പിറ്റ് എന്നിവ നഷ്ടമായി. ചിലപുരയിടങ്ങളിൽ മഴക്കുഴിയിൽ മണ്ണ് മൂടിയനിലയിലും കണ്ടു

കണ്ടതിന്റെ എല്ലാം ഫോട്ടോ എടുത്ത് വച്ചു. മുഴുവൻ സൈറ്റും കണ്ടതിനു ശേഷം . വിവരങ്ങൾ ബുക്കിൽ കുറിച്ചെടുത്തു. ഗ്രാമസഭ വിവരം എല്ലാരോടും പറയണം എന്ന് കൺവീനരെ ഓർമിപ്പിച്ചു മടങ്ങി.

**<u>ഗുണഭോക്താക്കൾ</u>**

1- അബ്ദുൽ ഖരീം c/o സലീം

2- അബ്ദുൽ അസീസ് c/o റംലാബീഗം

3- ഗോവിന്ദൻ c/o മോഹൻദാസ്

4 - വാസു c/o സരിപുത്ര

5 - വാസു c/o ഷീല

6 - സുകുമാരൻ c/o ഗിരിജ

7 - കൃഷ്ണൻ c/o തുളസിദാസ്

8 - കൊച്ചു കൃഷ്ണൻ c/o മണി c/o
മാർത്താണ്ഡൻ c/o വസന്ത

9 - മാർത്താണ്ഡൻ c/o വസന്ത

10 - രാജൻ c/o സുനിത

11 - അബ്ദുൾ ഖാദർ ലബ്ബ c/o മുഹമ്മദ്

12 - മുഹമ്മദ് കുഞ്ഞു c/o ബഷീർ

13 - മുഹമ്മദ് കുഞ്ഞു c/o നസീർ

14 - അബ്ദുൾ ഗഫൂർ c/o നെസീമ
ബീവി

15 - വിശ്വനാഥൻ c/o സൂര്യപ്രഭ c/o
ഹണി, ഹലോ

16 - ദാമോദരൻ c/o സുശീല

17 - സദാശിവൻ c/o സുഗന്ധി

18 - നാണു c/o രാജകി

19 - പത്മനാഭൻ c/o ഭാർഗവൻ

**ചിറയിൻകീഴ് ബ്ലോക്ക് .**

**വക്കം പഞ്ചായത്ത്.**

**വാർഡ് 3 .പുത്തൻനട**

**20/11/2019**

**10:30 am**

-

ഗ്രാമസഭ റിപ്പോർട്ട്

ഇന്ന് കൃത്യം 10:00 മണിക്ക് തന്നെ ഗ്രാമസഭ നിശ്ചയിച്ച പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ എത്തിച്ചേർന്നു. എല്ലാ തൊഴിലാളികൾ എത്താൻ വേണ്ടി കാത്തുനിന്നു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, ഡാറ്റാ എൻട്രി ഓഫീസർ, മെമ്പറും എത്തിച്ചേർന്ന ശേഷം സോഷ്യൽ ഓഡിറ്റിന്റെ ഗ്രാമസഭ കൃത്യം 10:30 ന് ആരംഭിച്ചു.

അജണ്ട

🔸 ഈശ്വര പ്രാർത്ഥന

🔸 സ്വാഗതം

🔸 റിപ്പോർട്ട് അവതരണം

🔸 ചർച്ച

🔸 തീരുമാനം

🔸 കൃതജ്ഞതാ

ഈശ്വരപ്രാർത്ഥനയ്ക്ക് മുമ്പായി അധ്യക്ഷസ്ഥാനത്തേക്ക് തൊഴിലുറപ്പ് അംഗങ്ങളിൽ നിന്നും 100 ദിവസം പൂർത്തിയായ ശ്രീമതി വസന്ത യെ ക്ഷണിച്ചു.

ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.   അടുത്തതായി പ്രതിജ്ഞ ചൊല്ലി കൊടുത്തത്  VRP ഗോപികയാണ്.  തുടർന്ന്   10 അവകാശങ്ങൾ പറഞ്ഞു കൊടുത്തത് VRP  വിനീഷ് ആയിരുന്നു.അതിനുശേഷം റിപ്പോർട്ട് അവതരിപ്പിച്ചത് VRP രോഹിണി ആയിരുന്നു.   പ്രധാനമായും റിപ്പോർട്ടിൽ പറഞ്ഞിരുന്നത് ഫയൽ,  ഫീൽഡ് എന്നീ പരിശോധനയിൽ നിന്നും ലഭ്യമായ വിവരങ്ങളും,  റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ചയ്ക്കുള്ള സമയമായിരുന്നു  ചർച്ചയിൽ തൊഴിലാളികൾ അവരുടെ അഭിപ്രായങ്ങൾ ആവശ്യങ്ങളും  പറഞ്ഞു.

## ചർച്ച

തൊഴിലാളികൾ ആയ  ലിസി, ഓമന എന്നിവർ ജോലി സമയം 9 മണി മുതൽ 4:30 വരെ ആകണമെന്ന് അഭിപ്രായപ്പെട്ടു.

ഉച്ചക്ക് വിശ്രമവേളയിൽ വീട്ടിൽ പോയി കഴിക്കാനുള്ള സൗകര്യം വേണമെന്ന് ആവശ്യപ്പെട്ടു.

ഭൂരിഭാഗം സ്ത്രീകൾ ആണ് ജോലി ചെയ്യുന്നത് പീരിഡ്സ് സമയങ്ങളിൽ വീട്ടിൽ പോയി വരാനുള്ള സൗകര്യം വേണമെന്നും ആവശ്യപ്പെട്ടു.

100 ദിവസം എന്ന് ഉള്ളത് 150ദിവസം ആക്കി കൊടുക്കാമോ എന്നും ചോദിച്ചു.

ശമ്പളം വർദ്ധനാവിനെ കുറിച്ചും പരാതി പറഞ്ഞു. ഇപ്പോൾ ചെയ്യുന്ന ജോലി കഠിനമാണ്. എസ്റ്റിമേറ്റ് തുക കുറവാണു എന്നു അഭിപ്രായപ്പെട്ടു.

. എസ്റ്റിമേറ്റ് പറഞ്ഞ അളവിൽ ജോലി ചെയ്യാൻ പാടാണ് എന്നു അഭിപ്രായപ്പെട്ടു.  അതിനു മറുപടി ആയി  കൃത്യ അളവിൽ ജോലി  ചെയ്തില്ലെങ്കിൽ ശമ്പളം കുറയും എന്ന്  പറഞ്ഞു കൊടുത്തു.

ശേഷം കൈ അടിച്ചു റിപ്പോർട്ട് പാസ്സാക്കി .

.കൃതജ്ഞത വാർഡ് മെമ്പർ ലാലിജ മാഡം പറഞ്ഞു.

തുടർന്ന്. ദേശീയ ഗാനം  ആലപിച്ച  യോഗം  അവസാനിപ്പിച്ചു.

### ന്യൂനതകൾ

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്  ഇല്ല.

ജിയോ ടാക്കിംഗ് അസറ്റ്(അസറ്റ് ഐഡി, ജി  പി  എസ് ലൊക്കേഷൻ) എന്നിവ ഫയലുകളിലൊന്നിലും രേഖപ്പെടുത്തിയിട്ടില്ല.

❌ഡ്രോയിങ് & ഡിസൈൻ ഒരു ഫയലിലും  ഇല്ലായിരുന്നു.

❌മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല,muster roll കളിൽ ആകെ തുക രേഖപ്പെടുത്തിയിട്ടില്ല.

❌ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ഇല്ലായിരുന്നു.

❌ geo tagged ഫോട്ടോഗ്രാഫ്  ഇല്ലായിരുന്നു.

Vrp vineeshkumar

Vrp Rohini